(Pages : 3) **G – 1548**

Reg. No. : ...................................

Name : ........................................

**Sixth Semester B.A. Degree Examination, April 2019**

**Career Related First Degree Programme Under CBCSS**

**MALAYALAM AND MASS COMMUNICATION**

**Core Course – X**

**MX 1641 : Malayala Kavitha – Utharaghattam**

**(മലയാള കവിത – ഉത്തരഘട്ടം)**

**(2014 Admission Onwards)**

Time : 3 Hours Max. Marks : 80

I. **ഒരു** വാക്കിലോ പരമാവധി **രണ്ടു** വാക്യത്തിലോ **എല്ലാ** ചോദ്യങ്ങൾക്കും ഉത്തരമെഴുതുക.

1) 'ഓർക്കുക വല്ലപ്പോഴും' എന്ന കവിതയിലെ വൃത്തം ?

2) പണികഴിഞ്ഞ് 'കള്ളുംകൊടംമാതിരി' വരുന്നതാര് ?

3) ഉള്ളൂരെഴുതിയ മഹാകാവ്യം ഏത് ?

4) 'പൊട്ടിവീണ പുലരിത്തുടുപ്പോടൊപ്പം നിങ്ങളും പൊട്ടിവിരിഞ്ഞു' – ആര് ?

5) 'ഗോഷ്പദം' എന്ന വാക്കിനർത്ഥം എന്ത് ?

6) 'വർണ്ണരാജി' എഴുതിയതാരാണ് ?

7) 'വെടിവട്ടത്തിലും കൂടിക്കേൾക്കില്ലാ കൂനിക്കൂടിപ്പടിമേലിരിക്കുന്നൂ' – ആര് ?

8) ഗ്രാമചേതന ചൂളം വിളികേട്ടുണരുന്നു – എന്തിന്റെ ?

9) വൈലോപ്പിള്ളിയുടെ ഏത് കൃതിയ്ക്കാണ് കേന്ദ്രസാഹിത്യ അക്കാഡമി പുരസ്കാരം ലഭിച്ചത് ?

10) 'ശൂനകൻ മുരളുന്ന പടിക്കൽ വടിവിൽ കൊത്തിവയ്ക്കുന്ന ശുഭാക്ഷരം' എന്തായിരുന്നു ?

**(10×1=10 മാർക്ക്)**

P.T.O.

St. Xaviers College. Thumba

II. **ഒരു** ഖണ്ഡികയിൽ കവിയാതെ **എട്ടു** ചോദ്യത്തിന് ഉത്തരം എഴുതുക.

11) 'പഴമതന്നെ പുതുമ' – ആർക്ക് ?

12) 'വിളങ്ങുന്നു മാണിക്യമായവൾ ശ്വസിക്കും രാഗം താൻ
വെളിയിലങ്ങനെ ഘനീഭവിക്കും പോലെ' – ചമത്കാരഭംഗി വ്യക്തമാക്കുക.

13) 'പെണ്ണുങ്ങൾ കാലുവെയ്ക്കാത്തതാം പാതിരാ –
ക്കുന്നിലെന്താവും അന്നേരം ?' – എന്താവുമെന്നാണ് കവയിത്രി ഊഹിക്കുന്നത് ?

14) 'പ്രകൃതി ലസിപ്പൂ നമുക്കുചുറ്റും പരമോത്സവദാത്രി' – എങ്ങനെയാണ് ?

15) 'സുബഹിഷ്കൃതയായിക്കൊള്ളട്ടെയെൻ ജീവിതം;
സുതനും പുറത്തായിപ്പോകൊലാ മമ ദോഷാൽ'! – ഇങ്ങനെ പറയാൻ കാരണമെന്ത് ?

16) 'ജീവിച്ചിരിക്കുന്നവർക്ക് വായ്ക്കരിതന്നിട്ട് മരിച്ചവൻ' – ആര് ? എന്തുകൊണ്ട് ?

17) 'അടിയുറയ്ക്കാതെ മേൽപ്പോട്ടുയർന്നുപോ –
യലകടലിന്റെയാഴമളക്കുവാൻ'! – ആര് ? ആശയം വിശദമാക്കുക.

18) 'നിന്റെ ജീവിതം നിൻകാര്യം മാത്രം' – കാരണമെന്ത് ?

19) 'ആയിരം മണിയുടെ
നാവുപൊത്തീടാ, മൊറ്റ –
വായിലെ നാവാർക്കാനും
കെട്ടുവാൻ കഴിയുമോ ?' – ഇങ്ങനെ സങ്കടപ്പെടാൻ കാരണമെന്ത് ?

20) 'അതുചെന്നു ചുട്ടുകരിക്കുന്നു
വഴിമൂടും വിഷമുൾച്ചെടിക്കൂട്ടം' – ഏത് ? എങ്ങനെ ?

21) 'നിനയ്ക്കായ്ക നീ മറിച്ചേഴകളവരെല്ലാം
നിനക്കു വീടുപണിക്കാരികളിനിമേലിൽ!' – ആശയം വ്യക്തമാക്കുക.

22) പ്രണിതപ്രതീക്ഷയാൽ മർത്ത്യൻ വ്യർത്ഥമയാവർത്തിക്കുന്ന പദം ഏത് ? വ്യർത്ഥം എന്ന് പറയാൻ കാരണമെന്ത് ?

**(8×2=16 മാർക)**

III. **നൂറ്റിയിരുപത്** വാക്കിൽ കവിയാതെ **ആറു** ചോദ്യത്തിന് ഉത്തരം എഴുതുക.

23) 'സമയമായില്ല' എന്ന ഉപഗുപ്തവാക്യം തോഴിയിൽ നിന്ന് കേട്ടിട്ടുള്ള വാസവദത്തയുടെ പ്രതികരണം എപ്രകാരമായിരുന്നു ?

24) 'വെള്ളം' എന്ന കവിതയ്ക്ക് ഒരാസ്വാദനക്കുറിപ്പ് തയ്യാറാക്കുക.

25) മഹാനുകമ്പയാൽ മാനുഷർ ദേവൻമാരാകുന്നതെങ്ങനെയൊക്കെയാണെന്നാണ് കവി പറയുന്നത് ?

26) 'ആരുടെ മനസ്സാണ് താമരയിതൾ പോലെ തുടുത്തു കാണാനാകുന്നത് ?'
– കൌസല്യയുടെ മാനസികഭാവം വെളിവാക്കാൻ പോന്ന പ്രയോഗമാണിത് ? സമർത്ഥിക്കുക.

St. Xaviers College, Thumba

27) 'നേത്രരഞ്ജകമായിത്തിളങ്ങി തമ്മിൽ ചേർന്നാ –
ക്ഷാത്രതേജസ്സിൻ കൂമ്പും ബ്രഹ്മതേജസ്സിൻ കാമ്പും.' – വിവരിക്കുക.

28) അമേരിക്കൻ ചേട്ടന്റെ കത്തിലെ ഉള്ളടക്കം എന്തായിരുന്നു ?

29) മകൻ മരിക്കാനിടയായ സംഭവം പെരുന്തച്ചൻ ഓർത്തെടുക്കുന്നതെങ്ങനെ ?

30) വേർപ്പിന്റെ അത്ഭുതശക്തിയാണോ തീവണ്ടി എന്ന് കവി പറയാൻ കാരണമെന്ത് ?

31) മാലോകർ സുഖമായുറങ്ങുമ്പോൾ പടയാളികൾ എന്താണ് ചെയ്യുന്നത്? **(6×4=24 മാർക്ക്)**

IV. **മൂന്ന്** പുറത്തിൽ കവിയാതെ **രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

32) ബ്രഹ്മർഷിപദം പോലും സ്വായത്തമാക്കിയ വിശ്വാമിത്രനെ ധർമ്മാപചയത്തിൽ നിന്ന് കരകയറ്റാൻ കെൽപ്പുള്ള സ്ത്രീകഥാപാത്രമെന്ന നിലയിൽ ശകുന്തളയെ മുൻനിർത്തി നിരൂപണം തയ്യാറാക്കുക.

33) കാൽപ്പനികതയുടെ സവിശേഷതകൾ ആശാൻ, ഉള്ളൂർ, വള്ളത്തോൾ കവിതകളിൽ കരുണ, പ്രേമസംഗീതം, അച്ഛനും മകളും, എന്നീ കവിതകളെ ആധാരമാക്കി വിശദമാക്കുക.

34) പുതുകവിതയുടെ രൂപപരമായ സവിശേഷതകൾ അത്താഴം, വെള്ളം, പെണ്ണുങ്ങൾ കാണാത്ത പാതിരാനേരങ്ങൾ എന്നീ കവിതകളെ ആസ്പദമാക്കി പഠനം തയ്യാറാക്കുക.

35) 'ദശരഥന്റെ ധർമ്മപത്നി, പട്ടമഹിഷി, രാമന്റെ അമ്മ എന്നീ തലങ്ങളിൽ നിന്ന് കൌസല്യയിലെ പെൺമയെ തിരിച്ചറിഞ്ഞ കവിതയാണ് കൌസല്യ' സമർത്ഥിക്കുക. **(2×15=30 മാർക്ക്)**

St. Xaviers College, Thumba